## 417

*രീതി: ജയവീരരായ് പിൻഗമിക്കാം*

കുരിശെടുത്തെൻ യേശുവിനെ അനുഗമിക്കും ഞാനന്ത്യംവരെ

1 ഭാരങ്ങൾ നേരിടുമ്പോൾ കരങ്ങളാൽ താങ്ങിടുന്നു
മരണത്തിൻ താഴ്‌വരയതിലുമെന്നെ
പിരിയാത്ത മാധുര്യ നല്ല സഖിതാൻ-

2 അവനെന്നെയറിഞ്ഞിടുന്നു അവനിയിൽ കരുതിടുന്നു
ആവശ്യഭാരങ്ങളണഞ്ഞിടുമ്പോൾ അവലംബമായെനിക്കവൻ മാത്രമാം-

3 മാറിടും മനുജരെല്ലാം മറന്നിടും സ്നേഹിതരും
മാറ്റമില്ലാത്തവനെൻ മനുവേൽ മഹിമയിൽ വാഴുന്നുയിന്നുമെനിക്കായ്

4 തീരണം പാരിലെൻനാൾ തിരുപ്പാദസേവയതാൽ
ചേരും ഞാനൊടുവിലെൻ പ്രിയനരികിൽ
അരുമയോടവനെന്നെ മാറോടണയ്ക്കും- **C.J.**